പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2463 — 18-06-2014 - ൽ മറുപടിയ്ക്ക്

## കൊടൂർകോണം കുളത്തിന്റെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി: | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജകമണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ കൊടൂർകോണം കുളത്തിന്റെ ശുചീകരണ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ; | (എ) നേമം നിയോജക മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ കൊടൂർക്കോണം കുളത്തിന്റെ ശുചീകരണ നവീകരണ പ്രവർത്തനങ്ങൾ 29/03/12 - ൽ ആരംഭിച്ചു. |
| (ബി) നാളിതുവരെ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്നും ആയത് എന്നത്തേക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ? | (ബി) പണിയുടെ ഭാഗമായി ചെളിനീക്കം ചെയ്ത കുളത്തിന്റെ കിഴക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന വീടുകളുടെ എല്ലാ സെപ്റ്റിക് ടാങ്കുകളും കുളത്തിന്റെ ഉള്ളിലേക്ക് തുറന്നു വച്ചിരിക്കുന്നതായി കാണപ്പെട്ടു. ഇതിനാൽ തന്നെ കുളം വൃത്തിയാക്കിയാലും വീണ്ടും കുളത്തിലെ ജലം മലിനപ്പെട്ടുകൊണ്ടിരിക്കുമെന്നും ആയതിനാൽ പ്രസ്തുത പണി ചെയ്യുന്നതുകൊണ്ട് പ്രയോജനമില്ലായെന്നും കണ്ടതിനാൽ പണി താൽകാലികമായി നിർത്തി വയ്ക്കുകയും ചെയ്തു. പ്രസ്തുത സെപ്റ്റിക് ടാങ്കുകൾക്ക് പകരം കെ.ഡബ്ല്യു.എ.യുടെ ഡ്രെയിനേജ് ലൈൻ സ്ഥാപിച്ച് ടോയ്‌ലെറ്റുകൾ അതിലേക്ക് ഘടിപ്പിച്ചാൽ മാത്രമേ കുളത്തിലെ പണി നടത്തുവാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചതിൻ പ്രകാരം K.W.A പണി ഏറ്റെടുക്കുകയും മെയിൻ ലൈൻ പണി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ നിലവിലുള്ള ടോയ്‌ലെറ്റുകൾ ഈ ലൈനിനേക്കാൾ താഴ്ന്ന നിലയിൽ സ്ഥിതി ചെയ്യുന്നതിനാൽ അവയിൽ നിന്നും മെയിൻ ലൈനിലേയ്ക്ക് കണക്ഷൻ നൽകുവാൻ സാധിച്ചിട്ടില്ല. ടോയ്‌ലെറ്റുകൾ എല്ലാം പുതുക്കി പണിത് മെയിൻ ലൈനിന്റെ ലെവലിനു മുകളിൽ എത്താതെ കണക്ഷൻ നൽകാൻ സാധിക്കാത്തതിനാലും തങ്ങൾക്ക് ആ പണി സ്വയം ചെയ്യാൻ ശേഷിയില്ലായെന്ന് വീട്ടുകാർ അറിയിച്ചതിനാലും സ്ഥിതി മുൻപത്തെ പോലെ തുടരുകയാണ്. ഈ നിലയ്ക്ക് കുളത്തിലെ പണി ചെയ്യുന്നത് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത എഗ്രിമെന്റ് ഫോർക്ലോസ് ചെയ്ത് കരാറുകാരനെ വിടുതൽ ചെയ്തിട്ടുള്ളതാണ്. ടോയ്‌ലെറ്റുകൾ ഉയർത്തിപ്പണിത് അവ |

ഡ്രെയിനേജ് ലൈനിൽ ഘടിപ്പിച്ചതിനുശേഷം
മാത്രമേ കുളത്തിലെ പണി വീണ്ടും
ഏറ്റെടുത്തു നടത്തി പൂർത്തീകരിക്കാൻ
സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ.**